(സി) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നടപ്പു സാമ്പത്തിക വർഷം 16544.42 ഏക്കർ തരിശുനിലം കൃഷിചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 50% നെൽകൃഷിയാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## നെൽകർഷകർക്കായി ബോധവൽക്കരണ പരിപാടികൾ

110 [2727] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തരിശ് നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കൃഷിക്കാരെ ആകർഷിക്കാൻ എന്തെല്ലാം ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു;

(സി) ഇതുമൂലം എത്ര ഏക്കർ തരിശുനിലത്തിൽ കൂടുതൽ കൃഷി ചെയ്തു എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2001-02 വർഷത്തെ കണക്കുപ്രകാരം സംസ്ഥാനത്ത് ആകെ 77853 ഹെക്ടർ നെൽപ്പാടങ്ങൾ തരിശുകിടക്കുന്നതായി കണക്കാക്കിയിരിക്കുന്നു. ഇതിൽ 2005-06 വർഷം 10,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലാ കലക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമ പ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശ്ശിടുന്നതും മറ്റു വിളകൾക്കായി മാറ്റുന്നതും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നെൽവയലുകൾ നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിന് കൃഷിഭവൻ മുഖേന ബോധവൽക്കരണ ക്ലാസുകൾ നടപ്പിലാക്കിവരുന്നു.

(സി) കുടുംബശ്രീയുടെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 16544.42 ഏക്കർ തരിശുഭൂമി കൃഷി ചെയ്തുവരുന്നു. ഇതിൽ 50% നെൽകൃഷിയാണ്.

LIBRARY ARCHIVES Kerala Legislative Assembly